DESPATCHED
On... 17/02/2020



10/01/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 1380(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.17096/എസ്.ഐ.സി–ജി 5/2015

സന്നിഹിതൻ

ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

ശ്രീമതി. ലീനാദേവി എൻ,
മേപ്പള്ളിൽ ഇല്ലം, വെട്ടിക്കോട് പി.ഒ,
കായംകുളം– 690503. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്,
കായംകുളം } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/08/2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/11/2015 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 03/11/2015 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 04/11/2015 |
| ഹിയറിംഗ് തീയതിയും സ്ഥലവും | 07/01/2020<br>വീഡിയോ കോൺഫറൻസ് ഹാൾ, കളക്ട്രേറ്റ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം: പരാതി ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

**ഉത്തരവ്**

പരാതി ഹർജിക്കാരിയായ ശ്രീമതി. ലീനാദേവി എൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്,

i) NRVUPS വെട്ടിക്കോട് പ്രധാന അദ്ധ്യാപകന് 12/08/2015-ൽ ലഭിച്ച മാനേജരുടെ ഉത്തരവിൽ സൂചിപ്പിച്ചിരുക്കുന്ന ആലപ്പുഴ ജില്ല വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 17/07/2015-ലെ ബി3/8093/2015 നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

ii) കായംകുളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/08/2015-ലെ സി-1451/2015 നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ 23/11/2015 തീയതി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷ സമാനസ്വഭാവമുള്ള മറ്റൊരു ഫയലിൽ കൂട്ടിചേർത്ത് പോയതിനാലാണ് യഥാസമയം മറുപടി നൽകാൻ സാധിക്കാത്തത് എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുണ്ടെന്നു ബോധ്യമാകുന്നു. എന്നാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയത് വിവരാവകാശ നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള നിശ്ചിത കാലാവധിക്കുശേഷമാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ

പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 10–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

bm